പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6470 08.11.2016 ൽ മറുപടി നൽകേണ്ടിയിരുന്നത്

## കായികതാരങ്ങൾക്ക് നൽകിയിട്ടുള്ള പ്രോത്സാഹനങ്ങൾ

ചോദ്യം | ഉത്തരം

ശ്രീ.രാജു എബ്രഹാം | ശ്രീ.പിണറായി വിജയൻ (ബഹു. മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| എ) | കഴിഞ്ഞ 5 വർഷമായി സംസ്ഥാനത്ത് നിന്നുള്ള കായിക താരങ്ങൾക്ക് സർക്കാർ നൽകിയിട്ടുള്ള പ്രോത്സാഹനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | എ) | കേരളത്തിലെ കായിക താരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും താഴെ പറയുന്ന പ്രവർത്തനങ്ങൾ ചെയ്തു വരുന്നു:<br><br>**<u>സംസ്ഥാന സ്പോർട്സ് അസോസിയേഷനുകൾ</u>**<br>വിവിധ കായിക ഇനങ്ങളിലായി 41 സംസ്ഥാന സ്പോർട്സ് അസോസിയേഷനുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. സംസ്ഥാന സ്പോർട്സ് കൗൺസിൽ ഗ്രാന്റ്-ഇൻ-എയ്ഡ് നിയമപ്രകാരം സംസ്ഥാന മത്സരങ്ങൾ സംഘടിപ്പിയ്ക്കുന്നതിനും, ദേശീയ/ മേഖലാ മത്സരങ്ങൾ സംസ്ഥാനത്തിനകത്ത് സംഘടിപ്പിയ്ക്കുന്നതിനും, ദേശീയ/ മേഖലാ മത്സരങ്ങൾക്ക് മുന്നോടിയായി നടക്കുന്ന പരിശീലന ക്യാമ്പിനും, മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും മറ്റുമായി കൗൺസിൽ ഗ്രാന്റ് നൽകി വരുന്നു.<br><br>**<u>സ്പോർട്സ് ഹോസ്റ്റലുകൾ</u>**<br>മികച്ച കായിക താരങ്ങളെ തെരഞ്ഞെടുത്ത് അവർക്ക് ഉന്നത പരിശീലനം ലക്ഷ്യമാക്കി കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ, വിവിധ ജില്ലകളിൽ വിവിധ കായിക ഇനങ്ങളിലായി 24 കേന്ദ്രീകൃത സ്പോർട്സ് ഹോസ്റ്റലുകൾ പ്രവർത്തിച്ച് വരുന്നു. കൂടാതെ, സ്കൂൾ, കോളേജ് മാനേജ്മെന്റുകളുടെ സഹകരണത്തോടു കൂടി 51 കോളേജ് സ്പോർട്സ് ഹോസ്റ്റലുകളും 24 സ്കൂൾ സ്പോർട്സ് ഹോസ്റ്റലുകളും പ്രവർത്തിച്ച് വരുന്നു. |

**അത്‌ലറ്റിക്സ്-എലൈറ്റ് അത്‌ലറ്റ്സ് ട്രെയിനിംഗ് സെന്റർ**

കേരളത്തിലെ മികച്ച പ്രതിഭയുള്ള അത്‌ലറ്റുകളെ കണ്ടെത്തി അവരെ ഏഷ്യൻ/കോമൺവെൽത്ത്/ ഒളിമ്പിക്സ് എന്നീ രാജ്യാന്തര മത്സരങ്ങളിൽ മെഡൽ സാധ്യത ഉറപ്പാക്കുന്ന രീതിയിൽ വളർത്തി എടുക്കുക എന്നതാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സ്കീമിന്റെ ഭാഗമായി 15 കായിക താരങ്ങളെ തിരഞ്ഞെടുത്ത്, കാര്യവട്ടം എൽ.എൻ.സി.പി.ഇ യിലെ പരിശീലന സെന്ററിൽ പരിശീലനം നൽകി വരുന്നു. അന്തർദേശീയ നിലവാരത്തിലുള്ള കായിക പരിശീലന സൗകര്യങ്ങളും മറ്റ് ഉന്നത നിലവാരത്തിലുള്ള അനുബന്ധ സൗകര്യങ്ങളും പദ്ധതിയിൽ കായിക താരങ്ങൾക്ക് ലഭ്യമാക്കി വരുന്നുണ്ട്.

**വോളിബോൾ- ഹൈ പെർഫോമൻസ് ട്രെയിനിംഗ് സെന്റർ**

കേരളത്തിലെ ഏറ്റവും മികച്ച പ്രതിഭയുള്ള വോളീബോൾ താരങ്ങളെ കണ്ടെത്തി അവരെ ഏഷ്യൻ/കോമൺവെൽത്ത്/ഒളിമ്പിക്സ് എന്നീ രാജ്യാന്തര മത്സരങ്ങളിൽ മെഡൽ സാധ്യത ഉയർത്തുന്ന രീതിയിൽ വളർത്തി എടുക്കുക എന്നതാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനത്തിന്റെ ഭാഗമായി തൃപ്രയാർ ഇൻഡോർ സ്റ്റേഡിയത്തിൽ ഒരു വോളിബോൾ അക്കാഡമി സ്ഥാപിക്കുകയുണ്ടായി. 18 കായിക താരങ്ങളെ തെരഞ്ഞെടുത്ത് മികച്ച രീതിയിലുള്ള പരിശീലനം നൽകി വരുന്നു. പ്രസ്തുത സ്കീമിൽ പരിശീലനത്തിനാവശ്യമായ കായിക ഉപകരണങ്ങൾ, മികച്ച പരിശീലകരുടെ സേവനം ഉൾപ്പെടെ ആധുനിക നിലവാരത്തിലുള്ള കായിക സൗകര്യങ്ങളും പരിശീലനവും മറ്റ് അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കി വരുന്നുണ്ട്.

**ഫെൻസിംഗ്**

എലൈറ്റ് സ്കീമിൽ പുതുതായി ഉൾപ്പെടുത്തിയ കളിയിനമായ ഫെൻസിംഗിന് 2015-16 വർഷത്തിൽ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ പ്ലാൻ ഫണ്ടിൽ നിന്നും 1,11,23,385/- രൂപ ചെലവഴിക്കുന്നതിനുമുള്ള അനുമതി നൽകുകയും 5 കായിക താരങ്ങളെ തിരഞ്ഞെടുത്ത് കൊച്ചി കടവന്ത്ര ആർ.എസ്.സി യിൽ മികച്ച രീതിയിലുള്ള പരിശീലനം നൽകി വരുകയും ചെയ്യുന്നുണ്ട്.

**സ്വിമ്മിംഗ് സ്പെഷ്യൽ എഫർട്ട് ട്രെയിനിംഗ് പ്രോഗ്രാം (SET)**

നാഷണൽ ഗെയിംസിന് മുന്നോടിയായിട്ടുള്ള അക്വാട്ടിക് ഇനങ്ങൾക്ക് പരിശീലനം നൽകുന്നതിലേയ്ക്കായി ഒരു വിദേശ പരിശീലകന്റെ കീഴിൽ Special Effort Training Scheme in Swimming (SET) നടപ്പിലാക്കുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 50 ഓളം നീന്തൽ താരങ്ങൾക്ക് വിദേശ പരിശീലകന്റെ കീഴിൽ മികച്ച പരിശീലനം നൽകി വരുന്നു. എൽ.എൻ.സി.പി.ഇ കാര്യവട്ടത്താണ് പദ്ധതി പ്രകാരമുള്ള പരിശീലനം നടന്നു വരുന്നത്.

**ഡേ ബോർഡിംഗ് സെന്ററുകൾ**

14 ജില്ലകളിലായി വിവിധ കായിക ഇനങ്ങളിൽ 103 ഡേ ബോർഡിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. ബോർഡിംഗ് സെന്ററുകളിലെ കായിക താരങ്ങൾക്ക് ലഘുഭക്ഷണത്തിനായി ഒരു ദിവസം 25 രൂപ നിരക്കിൽ ആഴ്ചയിൽ അഞ്ചു ദിവസവും, അത്യാവശ്യമുള്ള കായിക ഉപകരണങ്ങളും നൽകി വരുന്നുണ്ട്.

**സ്പോർട്സ് ട്രെയിനിംഗ് സെന്ററുകൾ**

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് കീഴിൽ വിവിധ കായിക ഇനങ്ങളിലായി 14 സ്പോർട്സ് ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. പ്രസ്തുത സെന്ററുകൾക്ക് കായിക താരങ്ങളുടെ പരിശീലനത്തിനും മറ്റുമായി പ്രതിവർഷം ഒരു ലക്ഷം രൂപ വീതം ഗ്രാന്റായി നൽകി വരുന്നു.

**സ്പോർട്സ് ക്വാട്ടാ**

പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള സർക്കാർ കോഴ്സുകൾക്ക് കായിക താരങ്ങളെ സ്പോർട്സ് ക്വാട്ടാ അഡ്മിഷൻ മാനദണ്ഡ പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്. മെഡിക്കൽ/ എഞ്ചിനീയറിംഗ് പ്രൊഫഷണൽ കോഴ്സുകൾ, ബി.എസ്.സി നഴ്സിംഗ്, ബി.എഡ്.പോളിടെക്നിക്ക്, പാരാമെഡിക്കൽ കോഴ്സുകൾ, എൽ.എൽ.ബി തുടങ്ങി സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സർക്കാർ നിർദ്ദേശിക്കുന്ന കോഴ്സുകൾ അതിൽ ഉൾപ്പെടുന്നു.

**അവാർഡ്**

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സ്ഥാപക പ്രസിഡന്റ് ലെഫ്.കേണൽ ഗോദവർമ്മ രാജയുടെ പേരിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ഏർപ്പെടുത്തിയിട്ടുള്ള പരമോന്നത കായിക ബഹുമതിയാണ് ജി.വി.രാജ അവാർഡ്. മൂന്നു ലക്ഷം രൂപയും, ഫലകവും പ്രശംസാ പത്രവും അടങ്ങുന്നതാണ് അവാർഡ്. ഇത് എല്ലാവർഷവും നൽകി വരുന്നു.

**കോളേജ് ഗെയിംസ്**

കേരളത്തിലെ എല്ലാ കോളേജുകളിലെയും കായിക താരങ്ങൾക്ക് ഒരുമിച്ച് മത്സരിയ്ക്കുന്നതിനുള്ള വേദി ഒരുക്കുന്നതിലേയ്ക്കായി സംഘടിപ്പിയ്ക്കുന്ന സംസ്ഥാനതല കായിക മത്സരമാണ് കോളേജ് ഗെയിംസ്.

കഴിഞ്ഞ എട്ടു വർഷമായി മുടങ്ങിക്കിടക്കുകയായിരുന്ന കോളേജ് ഗെയിംസ് 2014 ഫെബ്രുവരി 20 മുതൽ 22 വരെ തിരുവനന്തപുരത്തെ വിവിധ സ്റ്റേഡിയങ്ങളിലായി വളരെ ഭംഗിയായും കൃത്യതയോടും കൂടി നടത്തുവാൻ കഴിഞ്ഞു. 2015 ലെ കോളേജ് ഗെയിംസ് മത്സരങ്ങൾ 2015 സെപ്റ്റംബർ 9 മുതൽ 11 വരെ തിരുവനന്തപുരത്ത് വിവിധ സ്റ്റേഡിയങ്ങളിലായി നടക്കുകയുണ്ടായി.

**കായികതാര നിയമനം**

ദേശീയ/അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുത്ത് മികച്ച പ്രകടനം കാഴ്ച വച്ചിട്ടുള്ള വിവിധ കായികയിനങ്ങളിലെ 50 കായിക താരങ്ങൾക്ക് പ്രതിവർഷം സർക്കാർ സർവ്വീസിൽ സ്പോർട്സ് ക്വാട്ടയിൽ നിയമനം നൽകി വരുന്നുണ്ട്.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ കായിക താരങ്ങളായ ശ്രീമതി.വി.ശ്രീകുമാരി (ഹാന്റ്ബോൾ), ശ്രീ.എം.മണിലാൽ (ബധിരമൂക കായിക താരം), ശ്രീ.അരുൺ റ്റി.എസ് (സോഫ്റ്റ് ബോൾ), ശ്രീമതി.പ്രീത ജെറാൾഡ് (ഫുട്ബോൾ) എന്നീ കായിക താരങ്ങൾക്ക് സർക്കാരിന്റെ ഉത്തരവ് പ്രകാരം നിയമനം നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | **<u>ദേശീയ ഗെയിംസ് മെഡൽ ജേതാക്കൾക്ക് ജോലി</u>**<br>സർക്കാർ ഉത്തരവ് (കൈ) നം.10/15/കാ.യു.വ പ്രകാരം 35-ാം ദേശീയ ഗെയിംസിൽ സംസ്ഥാന ടീമിന്റെ മികച്ച പ്രകടനം കണക്കിലെടുത്ത് വ്യക്തിഗത ഇനങ്ങളിൽ മെഡൽ നേടിയവരിലും ടീം ഇനത്തിൽ സ്വർണ്ണമെഡൽ നേടിയവരിലും നിലവിൽ ജോലി ഇല്ലാത്തവർക്ക് സർക്കാർ ജോലി നൽകുന്നതിനും ടീം ഇനത്തിൽ വെള്ളി, വെങ്കല മെഡലുകൾ നേടിയവരിൽ ജോലി ഇല്ലാത്തവർക്ക് പൊതുമേഖല സ്ഥാപനങ്ങളിൽ ജോലിയ്ക്കായി ശുപാർശ ചെയ്യുന്നതിനും ഉത്തരവായിട്ടുണ്ട്. |
| | | • | **<u>35-ാമത് ദേശീയ ഗെയിംസ് ക്യാഷ് അവാർഡ്</u>**<br>35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് മെഡൽ നേടിയ കായിക താരങ്ങളിൽ വ്യക്തിഗത ഇനങ്ങളിൽ സ്വർണ്ണം, വെള്ളി, വെങ്കല മെഡലുകൾ കരസ്ഥമാക്കിയവർക്ക് യഥാക്രമം 5,3,2 ലക്ഷം രൂപാ ക്രമത്തിലും, ടീം ഇനത്തിൽ സ്വർണ്ണം, വെള്ളി, വെങ്കല മെഡലുകൾ കരസ്ഥമാക്കിയവർക്ക് 2, 1.50, 1 ലക്ഷം രൂപാ എന്ന ക്രമത്തിലും ക്യാഷ് അവാർഡ് നൽകുകയുണ്ടായി.<br>ഈ ഇനത്തിൽ നേടിയ കായിക താരങ്ങൾക്ക് ക്യാഷ് അവാർഡായി 7,91,00,000/- രൂപയും അവരുടെ പരിശീലകർക്കും ടീം മാനേജർക്കുമായി 8,26,500/- രൂപയും ക്യാഷ് അവാർഡ് ഇനത്തിൽ വിതരണം ചെയ്യുകയുണ്ടായി.<br>**<u>റിയോ ഒളിമ്പിക്സ്</u>**<br>31-ാമത് റിയോ ഒളിമ്പിക്സിൽ പങ്കെടുത്ത 11 കേരളീയ കായിക താരങ്ങൾക്ക് 3,00,000/- രൂപ വീതമുള്ള പ്രത്യേക ക്യാഷ് അവാർഡ് വിതരണം ചെയ്തു.<br>**<u>ക്യാഷ് അവാർഡ്</u>**<br>2012-13 സാമ്പത്തിക വർഷം ക്യാഷ് അവാർഡ് ഇനത്തിൽ 5,90,42,581/- രൂപ ദേശീയ അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുത്ത് വിജയിച്ച കായിക താരങ്ങൾക്ക് വിതരണം ചെയ്യുകയുണ്ടായി.<br>2013-14 സാമ്പത്തിക വർഷം ക്യാഷ് അവാർഡ് ഇനത്തിൽ 1,50,00,000/- രൂപയും അനുവദിയ്ക്കുകയുണ്ടായി. |

**ധനസഹായം**

വിവിധ അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും മറ്റുമായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ കായിക താരങ്ങൾക്ക് അനുവദിച്ചു വരുന്ന ധനസഹായം അനുബന്ധം 1 ആയി ഉള്ളടക്കം ചെയ്യുന്നു.

**പ്ലാൻ ഫണ്ട്**

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ കഴിഞ്ഞ 5 വർഷം കായിക താരങ്ങളുടെ ഉന്നമനത്തിനും, വികസനത്തിനുമായി ചെലവാക്കിയ തുക.

2011-12 - 16,25,00,000/- രൂപ

2012-13 - 22,97,00,000/- രൂപ

2013-14 - 23,02,00,000/- രൂപ

2014-15 - 29,75,00,000/- രൂപ

2015-16 - 33,25,00,000/- രൂപ

**പഞ്ചായത്ത് യുവ ക്രീഡ ഓർ ഖേൽ അഭിയാൻ (പൈക്ക)**

- ഗ്രാമീണ തലങ്ങളിൽ കായിക പരിശീലനത്തിനും, മത്സരങ്ങൾ നടത്തുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കി അതുവഴി യുവജനങ്ങളിലും വിദ്യാർത്ഥികളിലും സ്പോർട്സ് സംബന്ധിച്ച ആഭിമുഖ്യം വളർത്തി, രാജ്യത്ത് കായിക അടിത്തറ വർദ്ധിപ്പിക്കുകയും, കൂടുതൽ കായിക പ്രതിഭകളെ വളർത്തിയെടുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയത്തിന്റെ സഹായത്തോടെ നടപ്പിലാക്കിയ ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് **"പൈക്ക"** എന്നറിയപ്പെടുന്ന പഞ്ചായത്ത് യുവ ക്രീഡാ ഓർ ഖേൽ അഭിയാൻ.
- 2008-2009 ൽ ആരംഭിച്ച ഈ പദ്ധതിയിൽ ആദ്യ നാലു വർഷം പിന്നിടുമ്പോൾ കേരളത്തിൽ 400 ഗ്രാമ പഞ്ചായത്തുകളും,
- 57 ബ്ലോക്ക് പഞ്ചായത്തുകളിലും ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്.
- പഞ്ചായത്ത് യുവ ക്രീഡ ഓർ ഖേൽ അഭിയാൻ (പൈക്ക) പദ്ധതി "രാജീവ്

| | | | |
|---|---|---|---|
| | | | ഗാന്ധി ഖേൽ അഭിയാൻ" RGKA എന്ന് പുന: നാമകരണം ചെയ്ത് കേന്ദ്ര യുവജന കാര്യ കായിക മന്ത്രാലയം തീരുമാനിച്ച് ഉത്തരവായതിനാൽ 01.04.2014 മുതൽ കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃത-മായി കേരളത്തിൽ 2014-15 ലെ റൂറൽ / വനിത വാർഷിക കായിക മത്സരങ്ങൾ "രാജീവ് ഗാന്ധി ഖേൽ അഭിയാൻ (RGKA) റൂറൽ (ബ്ലോക്ക്/ജില്ലാ/സംസ്ഥാന)/ വനിത (ജില്ലാ/സംസ്ഥാന) വാർഷിക മത്സരങ്ങൾ എന്ന പേരിൽ സംഘടിപ്പിച്ച വരുന്നു. 2016-17 സാമ്പത്തിക വർഷം മുതൽ നിലവിലുള്ള "രാജീവ് ഗാന്ധി ഖേൽ അഭിയാൻ (RGKA) പദ്ധതി ഖേലോ ഇൻഡ്യ (National Programme for Development of Sports) പദ്ധതിയിൽ ലയിപ്പിച്ചിട്ടുണ്ട്. |
| ബി) | വിവിധ ദേശീയ, അന്തർ ദേശീയ മത്സരങ്ങളിൽ മെഡലുകൾ നേടിയ കായികതാരങ്ങൾക്ക് സർക്കാർ നൽകിയ പാരിതോഷികങ്ങളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ ; ഈ ഇനത്തിൽ ഓരോ വർഷവും എത്ര തുക വീതമാണ് ചെലവഴിച്ചത് എന്ന ഇനം തിരിച്ച് വിശദമാക്കാമോ; | ബി) | 2012-13 സാമ്പത്തിക വർഷം (2008-09, 2009-10, 2010-11, 2011-12 സാമ്പത്തിക വർഷങ്ങളിലെ) ക്യാഷ് അവാർഡ് ഇനത്തിൽ 5,90,42,581/- രൂപയും 2013-14 സാമ്പത്തിക വർഷം 1,50,00,000/- രൂപയും, ദേശീയ അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുത്ത് വിജയിച്ച കായികതാരങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്.<br><br>35-ാമത് ദേശീയ ഗെയിംസിൽ മെഡൽ നേടിയ കായികതാരങ്ങൾക്ക് ക്യാഷ് അവാർഡായി 7,91,00,000/- രൂപയും അവരുടെ പരിശീലകർക്കും ടീം മാനേജർക്കും 826500/- രൂപയും ക്യാഷ് അവാർഡ് ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ, 2015 ജൂണിൽ ചൈനയിൽ ഹോങ്കോങ്ങിൽ വച്ച് നടന്ന ഏഷ്യൻ പവർ ലിഫ്റ്റിംഗ് മത്സരത്തിൽ പങ്കെടുത്ത് സ്വർണ്ണ മെഡൽ നേടിയ മുഹമ്മ എബി വിലാസം ഹയർ സെക്കന്ററി സ്കൂളിലെ 10-ാം ക്ലാസ്സ് വിദ്യാർത്ഥിനി കുമാരി സി.അശ്വതി, വെള്ളി മെഡൽ നേടിയ ഇതേ സ്കൂളിലെ പ്ലസ് ടു വിദ്യാർത്ഥിനി കുമാരി എസ്.പി.ശ്രീക്കുട്ടി എന്നിവർക്ക് ഒരു ലക്ഷം രൂപ വീതവും കായികാദ്ധ്യാപകനായ ശ്രീ.വി.സവിനയന് 50,000/- രൂപയും ധനസഹായം അനുവദിച്ചിട്ടുണ്ട്.<br>കൂടാതെ 31-ാമത് റിയോ ഒളിമ്പിക്സിൽ പങ്കെടുത്ത 11 കേരളീയ കായികതാരങ്ങൾക്ക് 3,00,000/- രൂപ വീതമുള്ള പ്രത്യേക ക്യാഷ് അവാർഡ് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | കേരളത്തിൽ നടന്ന ദേശീയ ഗെയിംസിൽ മെഡൽ നേടിയ കായികതാരങ്ങൾക്ക് സർക്കാർ ജോലി വാഗ്ദാനം ചെയ്തിരുന്നോ; എത്ര പേർക്കാണ് ജോലി വാഗ്ദാനം നൽകിയിരുന്നത്; ഇതിൽ ഗസറ്റഡ് ജോലി ആർക്കൊക്കെ വാഗ്ദാനം ചെയ്തിരുന്നു ; | സി) | 24.02.2015-ലെ സ.ഉ.(കൈ)നം.10/15/കാ.യു.വ പ്രകാരം 35-ാം ദേശീയ ഗെയിംസിൽ സംസ്ഥാന ടീമിന്റെ മികച്ച പ്രകടനം കണക്കിലെടുത്ത് വ്യക്തിഗത ഇനങ്ങളിൽ മെഡൽ നേടിയവരിൽ നിലവിൽ ജോലിയില്ലാത്തവർക്ക് വിവിധ സർക്കാർ വകുപ്പുകളിൽ ജോലി നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. ടീം ഇനത്തിൽ സ്വർണ്ണമെഡൽ നേടിയവരിലും നിലവിൽ ജോലിയില്ലാത്തവർക്ക് വിവിധപൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി നൽകുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>1. വ്യക്തിഗത ഇനത്തിൽ മെഡൽ നേടിയവർ - 27<br>2. ടീം ഇനത്തിൽ സ്വർണ്ണം നേടിയവർ - 41<br>3. ടീം ഇനത്തിൽ വെള്ളി,വെങ്കല മെഡൽ നേടിയവർ - 83<br><br>**4. <u>ഗസറ്റഡ് തസ്തിക</u>**<br>ശ്രീ.സജൻ പ്രകാശ് നീന്തൽ<br>കുമാരി എലിസബത്ത് സൂസൻ കോശി റൈഫിൾ ഷൂട്ടിംഗ്<br>കുമാരി അനിൽഡ തോമസ് -അത്‌ലറ്റിക്സ്<br>കുമാരി അനു ആർ - അത്‌ലറ്റിക്സ് |
| ഡി) | എത്ര പേർക്ക് ഇതിനോടകം ജോലി നൽകിയിട്ടുണ്ട്; ബാക്കിയുള്ളവർക്ക് ജോലി നൽകാൻ കാലതാമസം എടുക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ? | ഡി) | 16.02.2016-ലെ സ.ഉ.(എം.എസ്) നം.15/16/കാ.യു.വ പ്രകാരം 68 കായിക താരങ്ങൾക്ക് സർക്കാർ നിയമനം നൽകുന്നതിന് (വ്യക്തിഗത ഇനത്തിൽ മെഡൽ നേടിയവർ 27 + ടീം ഇനത്തിൽ സ്വർണ്ണം നേടിയവർ 41) ഉത്തരവായിട്ടുണ്ട്. ടീം ഇനത്തിൽ വെള്ളി, വെങ്കല മെഡൽ നേടിയ കായികതാരങ്ങൾക്ക് ലാഭത്തിൽ പ്രവർത്തിക്കുന്ന വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലും ജോലി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

| | | |
|---|---|---|
| 1 | അമേരിക്കയിലെ മിഷിഗണിൽ വെച്ച് 2013 ആഗസ്റ്റിൽ നടന്ന ലോക ഡാർഫ് ഒളിമ്പിക്സിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് 5 സ്വർണ്ണമെഡൽ കരസ്ഥമാക്കിയ ശ്രീ ജോബി മാത്യുവിന് | 5 ലക്ഷം രൂപ |
| 2 | അമേരിക്കയിലെ മിഷിഗണിൽ വെച്ച് 2013 ആഗസ്റ്റിൽ നടന്ന ലോക ഡാർഫ് ഒളിമ്പിക്സിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് 1 വെള്ളി മെഡൽ കരസ്ഥമാക്കിയ ശ്രീ. ആകാശ് എസ് മാധവിന് | 1 ലക്ഷം രൂപ |
| 3 | ഏഷ്യൻ ചെസ് ചാമ്പ്യൻഷിപ്പിലും, ഏഷ്യൻ റാപിഡ് ചെസ് ചാമ്പ്യൻഷിപ്പിലും സ്വർണ്ണമെഡൽ നേടിയതിന് മാസ്റ്റർ നിഖിൽ രാമകൃഷ്ണന് പ്രോത്സാഹനമായി | 1 ലക്ഷം രൂപ |
| 4 | ശ്രീ. ജി.എൻ ഗോപാലന് സർക്കാർ പ്രഖ്യാപിച്ച പ്രോത്സാഹന സമ്മാനമായ 3 ലക്ഷം രൂപയും, ലോക ചെസ്സ് ചാമ്പ്യൻഷിപ്പിലും, ഏഷ്യൻ ചാമ്പ്യൻഷിപ്പിലും ജേതാവായതിനാൽ കൗൺസിലിൽ നിന്നും നൽകുന്ന ക്യാഷ് അവാർഡായ 7 ലക്ഷം രൂപയും ഉൾപ്പെടെ | 10 ലക്ഷം രൂപ |
| 5 | ഐസ് സ്കേറ്റിംഗ് മത്സരത്തിൽ പങ്കെടുക്കുന്നതിനായി വിദേശത്ത് പോകുന്ന മാസ്റ്റർ അഭിജിത്ത് അമൽരാജ്, മാസ്റ്റർ പ്രണവ് അമൽരാജ് എന്നിവർക്ക് ധനസഹായം ( 40,000/- രൂപ വീതം) | 80,000/- രൂപ |
| 6 | 2011-12 ൽ ബാംഗ്ലൂരുൽ വെച്ച് നടന്ന നാഷണൽ പാരാ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ 1 സ്വർണ്ണം, 2 വെള്ളി നേടിയ കുമാരി ശ്രീജയ്ക്ക് പ്രോത്സാഹനമായി ധനസഹായം(സ.ഉ (സാധ) നം.122/13/കാ.യു.വ തീയതി 28.06.2013) | 1 ലക്ഷം രൂപ |
| 7 | കോമൺവെൽത്ത് വെയ്റ്റ് ലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പിൽ സ്വർണ്ണ മെഡൽ നേടിയ കായിക താരം ശ്രീ ശ്യാം ലാലിന് വീടു വെയ്ക്കുവാനായി ഒരു പ്രത്യേക കേസ്സെന്ന നിലവിൽ സാമ്പത്തിക സഹായം<br>(സ.ഉ (എം.എസ്) നം.15/13/കാ.യു.വ തീയതി 27.07.2013) | 3 ലക്ഷം രൂപ |
| 8 | റോൾബോൾ ലോക ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്നതിനായി ശ്രീ. എൻ മനോജിന് ധനസഹായമായി<br>(സ.ഉ (കൈ) നം.13/13/കാ.യു.വ തീയതി 11.07.2013) | 1 ലക്ഷം രൂപ |
| 9 | കേണൽ ജി.വി രാജ ആൾ ഇന്ത്യ ഫുട്ബോൾ ടൂർണ്ണമെന്റിന് സാമ്പത്തിക സഹായം<br>(സ.ഉ (സാധ) നം.94/14/കാ.യു.വ തീയതി 19.05.2014) | 5 ലക്ഷം രൂപ |
| 10 | 2014 മേയിൽ ദുബൈയിൽ വെച്ച് നടന്ന അന്തർദേശീയ ബധിര ക്രിക്കറ്റ് ടൂർണ്ണമെന്റിൽ പങ്കെടുക്കുന്നതിന് ശ്രീ. എസ് പ്രദീപിന് ഒരു പ്രത്യേക കേസെന്ന നിലയിൽ സാമ്പത്തിക സഹായം<br>(സ.ഉ (സാധ) നം.85/14/കാ.യു.വ തീയതി 06.05.2014) | 50,000/- രൂപ |

| | | |
|---|---|---|
| 11 | 2014 സെപ്തംബറിൽ നടന്ന അണ്ടർ 10 ലോക ജൂനിയർ ചെസ്സ് ചാമ്പ്യൻഷിപ്പിൽ ദേശീയ ചാമ്പ്യനായ മാസ്റ്റർ നിഹാൽസരിന് പ്രോത്സാഹനമായി ഒരു പ്രത്യേക കേസ്സന്നെ നിലയിൽ സാമ്പത്തിക സഹായം സ.ഉ (സാധാ) നം.77/15/കാ.യു.വ തീയതി 09.04.2015 പ്രകാരം അനുവദിച്ചു. | 50,000/- രൂപ |
| 12 | ഗുജറാത്തിലെ ഗാന്ധി നഗറിൽ വച്ചു നടന്ന ദേശീയ ബധിര കായിക മേളയിൽ പങ്കെടുത്ത് 3 സ്വർണ്ണവും ഒരു വെള്ളിയും ഉൾപ്പെടെ വിവിധ സമ്മാനങ്ങൾ കരസ്ഥമാക്കിയ കുമാരി എ.പി ശ്രുതിയ്ക്ക് സാമ്പത്തിക സഹായം സ.ഉ (സാധാ) നം.34/15/കാ.യു.വ തീയതി 07.03.2015 പ്രകാരം അനുവദിച്ചു. | 50,000/- രൂപ |
| 13 | 2014 ൽ സൗത്ത് ആഫ്രിക്കയിൽ കേപ് ടൗൺണിൽ നടന്ന അന്ധർക്കായുള്ള ഇന്റർ നാഷണൽ വേൾഡ് കപ്പ് ക്രിക്കറ്റ് ടൂർണ്ണമെന്റിൽ 1-ാം സ്ഥാനം നേടിയ ഇന്ത്യൻ ടീമിലെ അംഗമായ ശ്രീ. യു. പി വിഷ്ണുവിന് സാമ്പത്തിക സഹായം സ.ഉ (സാധാ) നം.22/15/കാ.യു.വ തീയതി 10.02.2015 പ്രകാരം സാമ്പത്തിക സഹായം അനുവദിച്ചു. | 25,000/- രൂപ |
| 14 | 2014 സെപ്തംബർ 14-ാം തീയതി നടന്ന 115-ാമത് കോട്ടയം താഴത്തങ്ങാടി മത്സര വള്ളം കളിക്കു വേണ്ടി സാമ്പത്തിക സഹായം സ.ഉ (സാധാ) നം.222/14/കാ.യു.വ തീയതി 01.10.2014 പ്രകാരം അനുവദിച്ചു. | 10,00,000/- രൂപ |
| 15 | 2014 ഡിസംബർ 14 മുതൽ 21 വരെ സ്കോട്ട്ലാന്റിൽ വച്ചു നടന്ന കോമൺ വെൽത്ത് ഫെൻസിംഗ് ചാമ്പ്യൻഷിപ്പിൽ പങ്കെടുത്ത കായിക താരമായ കുമാരി ദിൽന വി. പിയ്ക്ക് സ.ഉ (സാധാ) നം.132/15 തീയതി 08.06.2015 പ്രകാരം അനുവദിച്ചു. | 50,000/- രൂപ. |
| 16 | ദക്ഷിണാഫ്രിക്കയിലെ കേപ്ടൗണിൽ നടന്ന അന്ധരുടെ ക്രിക്കറ്റ് മത്സരത്തിൽ മെഡൽ കരസ്ഥമാക്കിയ ഇൻഡ്യൻ ടീം അംഗവും വൈസ് ക്യാപ്റ്റനുമായ ശ്രീ. മുഹമ്മദ് ഫർഹാന് സ.ഉ (സാധാ) നം.94/15 കാ.യു.വ തീയതി 06.04.2015 | 1,00,000/- രൂപ. |
| 17 | ആർച്ചറി മത്സരങ്ങളിൽ ഇൻഡ്യയെ പ്രതിനിധീകരിച്ച് പങ്കെടുക്കുകയും വിവിധ ദേശീയ മത്സരങ്ങളിൽ വിജയിക്കുകയും ചെയ്തിട്ടുള്ള ശാരീരിക വെല്ലുവിളികൾ നേരിടുന്ന വ്യക്തിയായ ശ്രീ. കിഷോർ എ.എം ന് സ. ഉ (സാധാ) നം.129/15 തീയതി 05.06.2015 | 25,000/- രൂപ. |
| 18 | ചെസ്സ് താരങ്ങൾക്കായുള്ള മികവിന്റെ പരിശീലനകേന്ദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ചെസ്സിൽ മികച്ച പരിശീലനം ലഭ്യമാക്കുന്നതിലേയ്ക്കായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറിയുടെ ശുപാർശ പ്രകാരം സ.ഉ (സാധാ) നം.91/15 കാ.യു.വ തീയതി 29.04.2015. | 5,00,000/- രൂപ |

| | | |
|---|---|---|
| 19 | ടൗൺ പ്ലാനിംഗ് വിഭാഗത്തിലെ ജീവനകാരിയായ ശ്രീമതി എം.കെ സ്വർണ്ണവല്ലിയ്ക്ക് മാസ്റ്റേഴ്സ് അത്‌ലറ്റിക് മത്സരങ്ങളിലെ മികവും കായികരംഗത്തെ മറ്റു നേട്ടങ്ങളും കണക്കിലെടുത്ത് സ. ഉ (സാധാ) നം.193/15 തീയതി 29.07.2015 പ്രകാരം | 50,000/- രൂപ. |
| 20 | നാഷണൽ അണ്ടർ 7 സ്കൂൾ ചെസ്സ് ചാമ്പ്യൻഷിപ്പിൽ ദേശീയ ചാമ്പ്യനായ മാസ്റ്റർ കെവിൻ.ജെ. പോറസിന് 2015 ൽ തായ്‌ലണ്ടിൽ വച്ചു നടക്കുന്ന ലോക സ്കൂൾ ചാമ്പ്യഷിപ്പിൽ പങ്കെടുത്തതിന് സ. ഉ (സാധാ) നം.80/15 തീയതി 17.04.2015 പ്രകാരം | 2,00,000/- രൂപ. |
| 21 | 2014 ഡിസംബറിലും 2015 ജനുവരിയിലും ബധിരർക്കായി ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ് സംഘടിപ്പിച്ചവകയിൽ സ.ഉ 177/15 തീയതി 23.07.2015. | 25,000/ |
| 22 | 35 -ാം ദേശീയ ഗെയിംസിൽ അത്‌ലറ്റിക്സിൽ സംസ്ഥാനത്തിനുവേണ്ടി സ്വർണ്ണം , വെള്ളി മെഡലുകൾ കരസ്ഥമാക്കിയ ശ്രീ. സജീഷ് ജോസഫിന് ടിയാന്റെ സ്വന്തമായുള്ള 10 സെന്റ് ഭൂമിയിൽ അത്യാവശ്യസൗകര്യങ്ങളോടുകൂടിയ ഒരു വീട് നിർമ്മിച്ച് നൽകുന്നതിന് എറണാകുളം ജില്ലാ കളക്ടറെ സ.ഉ(സാധാ) നം 198/15 തീയതി 03.08.2015 | 18,00,000/- രൂപ. |
| 23 | 2015 ആഗസ്റ്റ് 5 മുതൽ 16 വരെ റഷ്യയിലെ ഖസാനിൽ വച്ച് നടക്കുന്ന 16 -ാം മത് ഫിനാവേൾഡ് കപ്പ് മാസ്റ്റേഴ്സ് സ്വിമ്മിംഗ് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്നതിന് ശ്രീ. എൻ. വിനോദ് കുമാറിന് സ.ഉ(സാധാ) നം 200/15 തീയതി 03.08.2015 | 50,000/- രൂപ. |
| 24 | ശ്രീലങ്കയിൽ വച്ച് 2015 ആഗസ്റ്റ് 22 മുതൽ 24 വരെ സംഘടിപ്പിച്ച അന്തർ ദേശീയ മാസ്റ്റേഴ്സ് അത്‌ലറ്റിക്സിൽ പങ്കെടുക്കുന്നതിന് ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിലെ ഡ്രൈവർ ഗ്രേഡ് II ആയ ശ്രീ. ആർ. ഗുലാബ് കുമാറിന് സ.ഉ(സാധാ) നം.223/15 തീയതി 07.09.2015 | 20,000/- രൂപ |
| 25 | 11 -ാം മത് കേണൽ ജി.വി രാജ ആൾ ഇൻഡ്യാ ഫുട്ബോൾ ടൂർണ്ണമെന്റിന് സ.ഉ(സാധാ) നം.222/15 തീയതി 04.09.2015 . | 5,00,000/- രൂപ |
| 26 | വിവിധ വെറ്ററൻസ് മീറ്റുകളിൽ പങ്കെടുത്ത് നിരവധി മികച്ച നേട്ടങ്ങൾ കൈവരിച്ചിട്ടുള്ള ശ്രീമതി. സരോജിനി തോലാട്ടിന് 2015 ആഗസ്റ്റ് 4 മുതൽ 16 വരെ ഫ്രാൻസിൽ വച്ചു നടക്കുന്ന മാസ്റ്റേഴ്സ് അത്‌ലറ്റിക് മീറ്റിൽ പങ്കെടുക്കുന്നതിന് 19.05.2015 സ.ഉ(സാധാ) നം.212/15 | 50,000/- രൂപ. |
| 27 | കരുവാറ്റ വള്ളംകളിയ്ക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും അനുവദിച്ചിരിയ്ക്കുന്നു. | 15,000/- രൂപ |

| | | |
|---|---|---|
| 28 | 2015 ലെ റാന്നി അവിട്ടം ജലോത്സവ സമിതിയ്ക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും അനുവദിച്ചിരിയ്ക്കുന്നു. | 5,000/- രൂപ |
| 29 | 2015. ജൂലൈ 1 - ാം തീയതി നടന്ന ചമ്പകുളം മൂലം വള്ളംകളി നടത്തിപ്പിലേയ്ക്കായി സ.ഉ(സാധാ) നം.163/15 തീയതി 20.07.2015 പ്രകാരം | 50,000/- രൂപ . |
| 30 | അയിരൂർ ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിലുള്ള മാനവമൈത്രി ചതയ ജലോത്സവത്തിന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും അനുവദിച്ചിരിയ്ക്കുന്നു. | 5000/- രൂപ |
| 31 | 2015 സെപ്റ്റംബറിൽ നടന്ന 116 -ാം മത് കോട്ടയം താഴത്തങ്ങാടി മത്സര വള്ളംകളിയ്ക്ക് സ.ഉ(സാധാ) നം.235/15 കാ.യു.വ 22.06.2015 പ്രകാരം അനുവദിച്ചു | 10,00,000/- രൂപ. |
| 32 | 35-ാം ദേശീയ ഗെയിംസിലെ റഗ്ബി മത്സരത്തിനിടയിൽ പരുക്കേറ്റ ശ്രീ. വി. അഭിജിത്തിന് ചികിത്സാ ധനസഹായമായി സ.ഉ(സാധാ) നം.250/15 തീയതി 08.10.2015 പ്രകാരം അനുവദിച്ചു | 1,50,000/- രൂപ. |
| 33 | 2015 ആഗസ്റ്റ് മാസം റഷ്യയിലെ ഖസാനിൽ വച്ച് നടന്ന ലോക മാസ്റ്റേഴ്സ് നീന്തൽ മത്സരത്തിൽ പങ്കെടുക്കുന്നതിന് പ്രൊഫ. കെ. സി സെബാസ്റ്റ്യന് സ.ഖ (സാധാ) നം.262/15/കാ.യു.വ തീയതി 11.11.2015 പ്രകാരം അനുവദിച്ചു | 20,000/- രൂപ. |
| 34 | 2015 ആഗസ്റ്റ് മാസം ശ്രീലങ്കയിൽ വച്ചു നടന്ന അന്തർദേശീയ മാസ്റ്റേഴ്സ് അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ പങ്കെടുത്ത് വിജയിച്ചതിന് ശ്രീമതി പി ലിലയ്ക്ക് സ.ഉ നം.268/15/ കാ.യു.വ തീയതി 19.11.2015. പ്രകാരം അനുവദിച്ചു | 50,000/- |
| 35 | ഫ്രാൻസിലെ ലിയോണിൽ വച്ച് 2015 ആഗസ്റ്റ് 4 മുതൽ 16 വരെ നടക്കുന്ന മാസ്റ്റേഴ്സ് അത്‌ലറ്റിക്സ് മീറ്റിൽ പങ്കെടുക്കുന്നതിന് ശ്രീമതി. തങ്കമ്മ ജോസഫിന് സ.ഉ (സാധാ)നം.214/15 കാ.യു.വ തീയതി 21.08.2015 പ്രകാരം അനുവദിച്ചു | 50,000/- |
| 36 | 2015 ഒക്ടോബർ 3 മുതൽ 10 വരെ ആസ്ട്രേലിയയിൽ വച്ച് നടക്കുന്ന മാസ്റ്റേഴ്സ് അത്‌ലറ്റിക്സ് മീറ്റിൽ പങ്കെടുക്കുന്നതിന് ശ്രീ. ഗ്രേസൺ സെബാസ്റ്റ്യൻ ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് സ.ഉ (സാധാ) നം.214/15/കാ.യു.വ തീയതി 21.08.2015 പ്രകാരം അനുവദിച്ചു | 50,000/- |

| | | |
|---|---|---|
| 37 | 2015 ലെ ഓണാവാരാഘോഷത്തിന്റെ സമാപനം കുറിച്ചുകൊണ്ട് കൊണ്ടു നടന്ന ഘോഷയാത്രയ്ക്ക് ഫ്ളോട്ട് നിർമ്മിക്കുന്നതിന് കായിക യുവജനകാര്യ ഡയറക്ടർക്ക് സ.ഉ (സാധാ) നം.297/15/കാ.യു.വ തീയതി 11.12.2015 പ്രകാരം അനുവദിച്ചു | 1,95,000/- |
| 38 | സൗത്ത് ആഫ്രിക്കയിലെ കേപ് ടൗണിൽ നടന്ന അന്ധർക്കായുള്ള ഇന്റർനാഷണൽ വേൾഡ്കപ്പ് ക്രിക്കറ്റിൽ ജേതാവായ ശ്രീ. യു.പി. വിഷ്ണുവിന് ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് സ.ഉ (സാധാ) നം.319/15/കാ.യു.വ തീയതി 29.12.2015 പ്രകാരം അനുവദിച്ചു | 75,000/- |
| 39 | 2015 ആഗസ്റ്റ് 22,23 തീയതികളിൽ ശ്രീലങ്കയിലെ മഹീന്ദ്ര രാജപക്സെ സ്റ്റേഡിയത്തിൽ വച്ചു നടന്ന രാജ്യാന്തര മാസ്റ്റേഴ്സ് അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ പങ്കെടുത്ത് വിജയിച്ച ശ്രീമതി.കെ. ചന്ദ്രികയ്ക്ക് ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് പ്രോത്സാഹനമെന്ന നിലയിൽ സ.ഉ (സാധാ) നം.315/15/കാ.യു.വ തീയതി 28.12.2015പ്രകാരം അനുവദിച്ചു | 50,000/- |
| 40 | 2015 ആഗസ്റ്റിൽ ഫ്രാൻസിൽ വച്ച് നടന്ന മാസ്റ്റേഴ്സ് അത്‌ലറ്റിക്സ് മീറ്റിൽ പങ്കെടുക്കുന്നതിന് ശ്രീ.ജിജേഷ്. പിയ്ക്ക് സ.ഉ (സാധാ) നം.299/15/കാ.യു.വ തീയതി 15.12.2015 പ്രകാരം അനുവദിച്ചു | 50,000/- |
| 41 | വിവിധ മാസ്റ്റേഴ്സ് മത്സരങ്ങളിൽ പങ്കെടുത്ത് വിജയിച്ചിട്ടുള്ള ശ്രീ. ശ്രീരാജ് എം.ആറിനെ ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് സ.ഉ (സാധാ) നം.06/16/കാ.യു.വ തീയതി 07.01.2016 പ്രകാരം അനുവദിച്ചു | 50,000/- |
| 42 | മുൻ കായികതാരമായ ശ്രീ.എസ് ജയചന്ദ്രൻ നായർ, ടിയാളുടെ കുടുംബത്തിന്റെ ദയനീയ സ്ഥിതി കണക്കിലെടുത്ത് സ.ഉ (സാധാ) നം.19/16/കാ.യു.വ തീയതി 20.01.2016പ്രകാരം അനുവദിച്ചു | 25,000/- |
| 43 | വോളീബോൾ കായികതാരമായ ശ്രീ. സി.ആർ. രാകേഷിന് സർക്കാർ നൽകാത്തതിനാൽ ടിയാളുടെ കുടുംബത്തിന്റെ ദയനീയ സ്ഥിതി കണക്കിലെടുത്ത് സ.ഉ (സാധാ) നം.08/16/കാ.യു.വ തീയതി 08.01.2016. | 15,000/- |
| 44 | തായ്‌വാനിൽ വച്ച് 2015 ഒക്ടോബറിൽ നടന്ന 8-ാം മത് ഏഷ്യാ പസഫിക് ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് പങ്കെടുത്ത് മൂന്നാം സ്ഥാനം നേടിയ കുമാരി. യു.വി.നീനയ്ക്ക് സ.ഉ (സാധാ) നം.20/16/കാ.യു.വ തീയതി 20.01.2016. | 10,000/- |
| 45 | കായികതാരം കുമാരി സ്നേഹ .കെ ടിയാളുടെ കുടുംബത്തിന്റെ ദയനീയ സ്ഥിതി കണക്കിലെടുത്ത് സ.ഉ (സാധാ) നം.43/16/കാ.യു.വ തീയതി 09.02.2016. | 25,000/- |

| | | |
|---|---|---|
| 46 | ക്രിക്കറ്റ് അസോസിയേഷൻ ഫോർദി ബ്ലൈൻഡ് ഇൻ കേരള (CABK) യുടെ നേതൃത്വത്തിൽ 2016 ജനുവരി 17 മുതൽ 24 വരെ കേരളത്തിൽ കൊച്ചി കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ വച്ചു നടന്ന കാഴ്ചയില്ലാത്തവരുടെ ആദ്യ 20-20 ഏഷ്യാകപ്പ് ക്രിക്കറ്റ് ടൂർണ്ണമെന്റിന് ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് സ.ഉ (സാധാ) നം.09/15/കാ.യു.വ തീയതി 02.02.2016. | 25,00,000/- |
| 47 | വിവിധ മാസ്റ്റേഴ്സ് മത്സരങ്ങളിൽ പങ്കെടുത്ത് ധാരാളം വിജയം നേടുകയും 80 വയസ്സ് കഴിഞ്ഞ് ഇപ്പോയും വെറ്ററൻസ് മത്സരങ്ങളിൽ പങ്കെടുത്ത ശ്രീ.പി.എസ് ജോണിന് ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് സ.ഉ (സാധാ) നം.07/16/കാ.യു.വ തീയതി 08.01.2016. | 50,000/- |
| 48 | തൃശ്ശൂർ ചാവക്കാട് താലൂക്കിലെ കൈതയ്ക്കൽദേശം ആലപ്പുഴ വീട്ടിൽ ശ്രീ. എ.സി. ഘോഷിന്റെ മകൻ കായികതാരം ശ്രീ. രഖിൽ ഘോഷിന് ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് സ.ഉ (സാധാ) നം.58/16/കാ.യു.വ തീയതി 22.02.2016. | 25,000/- |
| 49 | 24.11.2015 ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ വച്ച നടന്ന സംസ്ഥാന സ്കൂൾ ഗെയിംസിൽ പങ്കെടുത്ത് മടങ്ങുകയായിരുന്ന എറണാകുളം ഹാൻഡ്ബോൾ ടീമിലുള്ള അംഗങ്ങളായ വിദ്യാർത്ഥികൾ അതുൽരാജ്, എം.ആർ.സുധീഷ്, എസ്. അമൽകൃഷ്ണ എന്നിവരുടെ കുടുംബത്തിന് സമാശ്വാസമായി ഒരുലക്ഷം രൂപ വീതം സ.ഉ (സാധാ) നം.59/16/കാ.യു.വ തീയതി 22.02.2016. | 3,00,000/- |
| 50 | ഒളിമ്പ്യൻ ശ്രീ. മാനുവൽ ഫ്രെഡറിക്സിന് സർക്കാർ അനുവദിച്ച് നൽകിയ സ്ഥലത്ത് വീട് നിർമ്മിക്കുന്നതിന് സ.ഉ (കൈ) നം.20/16/കാ.യു.വ തീയതി 02.03.2016 | 20,00,000/- |
| 51 | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ റീജിയണൽ കോച്ചിംഗ് സെന്ററിൽ പരിശീലനം ചെയ്തു വരുന്ന ഗുസ്തി താരം ശ്രീ. പ്രസാദ് കുമാറിന് ചികിത്സാ ധനസാ യമായി സ.ഉ (സാധാ) നം.138/16/കാ.യു.വ തീയതി 30.06.2016 | 2,00,000/- |
| 52. | 2016 ജൂണിൽ നടന്ന ചമ്പക്കുളം മൂലം വള്ളം കളിയുടെ നടത്തിപ്പിന് സ.ഉ (സാധാ) നം.139/16/കാ.യു.വ തീയതി 30.06.2016 | 50,000/- |
| 53 | 2016 ഒക്ടോബറിൽ അമേരിക്കയിലെ അത്ലാന്റിക് സിറ്റി യിൽ വച്ചു നടക്കുന്ന മില്ലെനിയം ചെസ് ടൂർണ്ണമെന്റിൽ പങ്കെടുക്കുന്നതിന് ശ്രീ. ഷിജിൽ കെ യ്ക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ 2016-17 നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും സ.ഉ (സാധ) നം.193/16/കാ.യു.വ തീയതി 09.09.2016 | 2,15,000/- രൂപ. |

| | | |
|---|---|---|
| 54 | 5-ാമത് ഏഷ്യൻ അണ്ടർ 23 ഫെൻസിംഗ് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്നതിന് ശ്രീ. അക്ഷയ് എം. എസ് ന് ഒരു സ്പെഷ്യൽ കേസെന്ന നിലയിൽ 27.09.2016 ലെ അഡ്മിനിസ്ട്രേറ്റീവ് ബോർഡിന്റെ തീരുമാനപ്രകാരം ധനസഹായമായി ആവശ്യപ്പെട്ട 1,44,170/- രൂപയുടെ 50% രൂപ അനുവദിച്ച് ഉത്തരവായിരുന്നു. | 72,085/- രൂപ |
| 55 | അയിരൂർ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ 2016 സെപ്തംബർ 16-ാം തീയതി നടന്ന ജില്ലാതല മാനവ മൈത്രി ചതയ ജലോത്സവത്തിന് 5000/- കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും അനുവദിച്ച് ഉത്തരവായിരുന്നു. | 5000/- |
| 56 | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ റീജിണൽ കോച്ചിംഗ് സെന്ററിൽ പരിശീലനം ചെയ്തു വരുന്ന ഗുസ്തി താരം ശ്രീ.പ്രസാദ് കുമാറിന് ചികിത്സാ സഹായമായി 2 ലക്ഷം രൂപ സ.ഉ.(സാധാ)നം.138/16/കാ.യു.വ തിയതി 30..06..2016 | 200000/- |
| 57 | കോട്ടയം താഴത്തങ്ങാടി മത്സര വള്ളം കളിയ്ക്ക് ഒരു ലക്ഷം രൂപ 16..02..17 ലെ കൗൺസിൽ അഡ്മിനിസ്ട്രേറ്റീവ് യോഗ തീരുമാനപ്രകാരം അനുവദിച്ചു. | 100000/- |
| 58 | കല്പറ്റ ഫെൻസിംഗ് ഹോസ്റ്റലിലെ കായിക താരമായ മാസ്റ്റർ.അമൽലാലിന് കൗൺസിൽ 25000/- രൂപ സാമ്പത്തിക സഹായം അനുവദിച്ചു. | 25000/- |
| 59 | ജില്ലാ ബോക്സിംഗ് ടീമിനെ തെരഞ്ഞെടുക്കുന്നതിനായി ലക്ഷമിഭായി നാഷണൽ കോളേജ് ഓഫ് ഫിസിയ്ക്കൽ എഡ്യൂക്കേഷൻ കാര്യവട്ടത്ത് വച്ചു നടന്ന മത്സരത്തിനിടയിൽ പരിക്ക് പറ്റിയ കായിക താരമായ ശ്രീ. നിതീഷ് അശോകന് സ.ഉ (സാധാ) നം.243/2016/കാ.യു.വ തീയതി 29.11.2016 പ്രകാരം അനുവദിച്ചു. | |
| 60 | ഒളിമ്പ്യൻ റഹ്മാൻ സ്റ്റേഡിയം മെഡിയ്ക്കൽ കോളേജ് കോഴിക്കോട് വച്ച് 25.08.2016 മുതൽ 28.08.2016 വരെ നടന്ന 22-ാമത് കേരള സ്റ്റേറ്റ് ഗെയിംസ് ഓഫ് ഡഫിന് സ.ഉ (സാധാ) 187/16/കാ.യു.വ തീയതി 30.08.2016 പ്രകാരം അനുവദിച്ചു. . | |
| 61 | കളരി ഗുരുവായ ശ്രീ. ഒതേനന് പ്രോത്സാഹനമായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ പ്ലാൻ ഫണ്ടിൽ നിന്നും 25,000/- രൂപ അനുവദിച്ചിരിക്കുന്നു. | 25,000/- |
| 62 | മാസ്റ്റേഴ്സ് അത്‌ലറ്റിക്സ് മീറ്റിൽ നേട്ടങ്ങൾ കൈവരിച്ച ശ്രീമതി എ.കെ ചന്ദ്രികയ്ക്ക് 50,000/- രൂപ അനുവദിയ്ക്കുകയുണ്ടായി (സ.ഉ (സാധാ) നം. 223/16/കാ.യു.വ തീയതി 19.10.2016) | 50,000/- രൂപ |

| | | |
|---|---|---|
| 63 | ഡൽഹിയിൽ വച്ച നടന്ന നാഷണൽ ലെവൽ ഐസ് സ്കേറ്റിംഗ് മത്സരത്തിൽ പങ്കെടുത്ത വൈഷ്ണവ് ആർ നായർക്ക് പ്രോത്സാഹനമെന്ന നിലയിൽ സാമ്പത്തിക സഹായം | 15,000/- |
| 64 | നേപ്പാളിൽ വച്ച് 29.01.2016 മുതൽ 01.02.2016 വരെ നടന്ന 20-20 ലോക കപ്പ് ക്രിക്കറ്റിൽ പങ്കെടുക്കാൻ ശ്രീ.അച്ചുബാബുവിന് സാമ്പത്തിക സഹായം | 20000/- |
| 65 | 42-മത് മഹാത്മാ അയ്യൻകാളി ജലോത്സവത്തിന് 18.02.2016 ലെ അഡ്മിനിസ്ട്രേറ്റീവ് ബോർഡ് തീരുമാന പ്രകാരം അനുവദിച്ചു. | 15000/- |
| 66 | 2015 ജൂണിൽ ചൈനയിലെ ഹോങ്കോങ്ങിൽ വച്ച് നടന്ന ഏഷ്യൻ പവർ ലിഫ്റ്റിംഗ് മത്സരത്തിൽ പങ്കെടുത്ത് സ്വർണ്ണമെഡൽ നേടിയ മുഹമ്മ എബി വിലാസം ഹയർ സെക്കണ്ടറി സ്കൂളിലെ പത്താം ക്ലാസ്സ് വിദ്യാർത്ഥിനി കുമാരി സി.അശ്വതി, വെള്ളി മെഡൽ നേടിയ ഇതേ സ്കൂളിലെ പ്ലസ് ടു വിദ്യാർത്ഥിനി കുമാരി എസ്.പി.ശ്രീക്കുട്ടി എന്നിവർക്ക് ഒരു ലക്ഷം രൂപ വീതവും കായികാദ്ധ്യാപകനായ ശ്രീ.വി.സവിനയന് 50000 രൂപയും ധനസഹായം അനുവദിച്ചു. | |
| 67 | കുമാരി ഐശ്വര്യ മലയിൽ, കോഴിക്കോട് ന് റൈഫിൾ വാങ്ങുന്നതിന് ധനസഹായം | 1,50,000/- രൂപ |
| 68 | കുമാരി സഫാ ഷെറിൻ, മലപ്പുറത്തിന് കായിക ഉപകരണങ്ങൾ വാങ്ങുന്നതിനായി 15,0000/- രൂപ ധനസഹായം അനുവദിച്ചു. | |
| 69 | കുമാരി ലിഡിയമോൾ.എം., സണ്ണി, കോട്ടയം (നാഷണൽ ഗെയിംസിൽ സ്വർണ്ണം 1, വെങ്കലം 1), കുമാരി അഞ്ജിത ടി.പി., ഇടയ്ക്കൽ, കോഴിക്കോട് (നാഷണൽ ഗെയിംസിൽ സ്വർണ്ണം 1, വെങ്കലം 1), കുമാരി സോനാ രാജ്, കോഴിക്കോട് എന്നീ കുട്ടികൾക്ക് സൈക്കിൾ വാങ്ങുന്നതിന് 50,000/- രൂപ വീതം ധനസഹായം അനുവദിച്ചു. | |
| **70** | കുമാരി ജാസ്മിൻ സണ്ണി, വയനാട് ന് കായിക ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം | 20,000/- രൂപ |
| 71 | യു.വി.നീനു, യു.വി.നീതു എന്നീ കായിക താരങ്ങൾക്ക് ഏഷ്യ പസഫിക് ഡഫ് ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിന് പങ്കെടുക്കുന്നതിന് ധനസഹായം | 2,00,000/- രൂപ |

| | | |
|---|---|---|
| 72 | കുമാരി സോനാ.എസ് ന് കായിക ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം | 15,000/- രൂപ |
| 73 | ശ്രീമതി.എലിസബത്ത് സൂസൺ കോശി, തൊട്ടപ്പുഴ യ്ക്ക് റൈഫിൾ വാങ്ങുന്നതിന് | 3,00,000/- രൂപ |
| 74 | ശ്രീ.സുരേഷ് കുമാർ, ആലപ്പുഴ യ്ക്ക് ധനസഹായം | 1,00,000/- രൂപ |
| 75 | ഷൂട്ടിംഗ് ഉപകരണങ്ങൾ വാങ്ങുന്നതിനായി ശ്രീ.സിദ്ധാർത്ഥ് ബാബു ന് ധനസഹായം | 3,20,000/- രൂപ |
| 76 | ബധിരരായ ബാസ്കറ്റ്ബോൾ താരങ്ങളായ ആനന്ദ് ആർ & രാജ്കുമാർ.യു എന്നിവർക്ക് ധനസഹായം | 60,000/- രൂപ |
| 77 | മാസ്റ്റർ എസ്.എൻ.നാരായണൻ, എറണാകുളം -ചെസ്സ് ടൂർണമെന്റിൽ പങ്കെടുക്കുന്നതിന് ധനസഹായം | 1,00,000/- രൂപ |
| 78 | കുമാരി. ബിസ്മി.എസ്, തിരുവനന്തപുരം - സൈക്കിൾ വാങ്ങുന്നതിനായി ധനസഹായം | 2,00,000/- രൂപ |
| 79 | പായ്ക്കപ്പലിൽ ലോകം ചുറ്റി സഞ്ചരിച്ച ശ്രീ.അഭിലാഷ് ടോമിയ്ക്ക് പാരിതോഷികം | 3,00,000/- രൂപ |
| 80 | ലോക റസലിംഗ് ടൂർണമെന്റിൽ പങ്കെടുക്കുന്നതിന് കെ.യു.സിറാജുദീന് 70,000/- രൂപയും കുമാരി നയന രാജേഷ് ന് ഫോറിൻ സൈക്കിൾ വാങ്ങുന്നതിന് 2,00,000/- രൂപയും അനുവദിച്ചു | |

S.O